## പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2003 | 11.02.2020-ൽ മറുപടിക്ക് |
|---|---|

### സ്ത്രീ സുരക്ഷാ പദ്ധതി

| | ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ സ്ത്രീ സുരക്ഷയ്ക്കായി എന്തൊക്കെ പദ്ധതികളാണ് പുതുതായി നടപ്പിലാക്കുന്നത്; | (ബി) | സംസ്ഥാനത്ത് സ്ത്രീ സുരക്ഷയുടെ ഭാഗമായി പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, വനിതാ ഹെൽപ് ഡെസ്ക്, വനിതാ ഹെൽപ് ലൈൻ, സെൽഫ് ഡിഫൻസ് പ്രോഗ്രാം, പഞ്ചായത്ത് വിസിറ്റ് ( വനിതാ പോലീസ് ഉദ്യോഗസ്ഥർ ആഴ്ചയിൽ ഒരു പ്രവർത്തി ദിവസം തങ്ങളുടെ സ്റ്റേഷൻ പരിധിയിലുള്ള പഞ്ചായത്ത് ഓഫീസുകൾ സന്ദർശിച്ച് സ്ത്രീകളുടെ പരാതികൾ സ്വീകരിച്ചു വരുന്നു) ജനമൈത്രി ബീറ്റ്, നിർഭയ പദ്ധതി, അടിയന്തര ഘട്ടങ്ങളിൽ പോലീസ് സഹായം ലഭിക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം, ജനമൈത്രി സംവിധാനം വഴി ഭവന സന്ദർശനം എന്നിവയിലൂടെ വനിതകളുടെ സുരക്ഷയ്ക്കായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള എല്ലാ പദ്ധതികളും വളരെ വിജയകരമായ രീതിയിൽ നടപ്പിലാക്കി വരുന്നു.<br>അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് പെട്ടെന്ന് സമീപിക്കാവുന്ന തരത്തിൽ എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് സെന്ററുകൾ നിർഭയ സെല്ലിനു കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇവിടെ വൈദ്യസഹായം, പോലീസ് സഹായം, |

| | | | |
|---|---|---|---|
| | | | നിയമസഹായം, കൗൺസിലിംഗ്, താമസ സൗകര്യം എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. വീടുകളിൽ സുരക്ഷിതത്വം ഇല്ലാത്ത കേസുകളിൽ അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കുമായി പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിൽ വിമൺ & ചിൽഡ്രൻ ഹോമുകളും 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി ഒരു എസ്.ഒ.എസ്. മോഡൽ ഹോമും പ്രവർത്തിച്ചു വരുന്നു. |
| (സി) | സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ജനമൈത്രി പോലീസിന്റെ ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ, കോളേജുകൾ, കുടുംബശ്രീ, സ്ത്രീകൾ മാത്രമുള്ള തൊഴിൽ സ്ഥാപനങ്ങൾ, വനിതാ ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ പ്രത്യേകം പരിശീലനം ലഭിച്ച നിർഭയ വോളന്റിയർമാരുടെ നേതൃത്വത്തിൽ സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകി വരുന്നുണ്ട്. |
| (ഡി) | സ്കൂൾ കുട്ടികൾക്കിടയിൽ ഇക്കാര്യത്തിൽ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുമോ; വിശദമാക്കാമോ? | (ഡി) | സ്കൂൾ കുട്ടികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി സെൽഫ് ഡിഫൻസ് പ്രോഗ്രാം, നിയമ ബോധവത്കരണ ക്ലാസുകൾ, സൈബർ സുരക്ഷയെ സംബന്ധിച്ച് ക്ലാസുകൾ എന്നിവ നൽകുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, പ്രത്യേക പരിശീലനം നേടിയ വനിതാ പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ ക്ലാസുകൾ നടത്തി വരുന്നു.<br>സ്കൂൾ കൗൺസിലേഴ്സിന്റെ സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലൂടെ രക്ഷാകർത്താക്കൾക്കും പെൺകുട്ടികൾക്കും പ്രതിരോധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് ആസൂത്രണം ചെയ്തിട്ടുണ്ട്.<br>പെൺകുട്ടികളിൽ ആത്മവിശ്വാസം വളർത്തുക, സുരക്ഷ ഉറപ്പു വരുത്തുക, ശാരീരികവും മാനസികവുമായ ശാക്തീകരണം ഉറപ്പാക്കുക, ശാരീരിക ക്ഷമതയുള്ള തലമുറയെ സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യമിട്ട് കളരിപ്പയറ്റ്, കരാട്ടെ, കുങ്ഫു, തായ് കൊണ്ട എന്നിവയിൽ ഏതെങ്കിലും ഒരു ആയോധനകലയിൽ തെരഞ്ഞെടുത്ത സ്കൂളുകളിൽ 8,9 ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക് കഴിഞ്ഞ |

| | | | |
|---|---|---|---|
| | | | വർഷം പരിശീലനം നൽകിയിരുന്നു.<br>കൗമാരക്കാരായ പെൺകുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ആവശ്യങ്ങൾ നിറവേറ്റി അവരുടെ ആന്തരിക സംഘർഷങ്ങൾ ശാസ്ത്രീയമായി പരിഹരിക്കാൻ കൗമാര വിദ്യാഭ്യാസ പരിപാടിയും കൗൺസിലിംഗും സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ